**മഹാരാജാസ് കോളേജ്, എറണാകുളം**

**ബിരുദ/ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം – 2024**

**മഹാരാജാസ് കോളേജിലെ പ്രവേശനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രോസ്പെക്ടസിൽ നൽകിയിരിക്കുന്നത് വായിച്ചു മനസ്സിലാക്കുക.**

**മറ്റു പ്രധാന നിർദ്ദേശങ്ങൾ**

1. ഡസ്ക്ടോപ് / ലാപ് ടോപ് കമ്പ്യൂട്ടർ ഉപയോഗിച്ച് ഓൺലൈൻ അപേക്ഷ സമർപ്പിക്കുക. അപേക്ഷ സമർപ്പിക്കുന്നതിന് മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ഒഴിവാക്കുക.
2. അപേക്ഷാ സമർപ്പണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ ലോഗൗട്ട് ആയെങ്കിൽ എപ്പോൾ വേണമെങ്കിലും ലോഗിൻ ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതും അപേക്ഷ സമർപ്പിക്കുന്നത് തുടരുകയും ചെയ്യാവുന്നതാണ്. എങ്കിലും കഴിവതും അപേക്ഷാ സമർപ്പണത്തിന്റെ അവസാന ദിവസത്തിനായി കാത്തിരിക്കാതെ എത്രയും വേഗം അപേക്ഷകൾ പൂർണമായി സമർപ്പിക്കുക.
3. അപേക്ഷാ സമർപ്പണത്തിന്റെ അവസാന ഘട്ടത്തിൽ അപേക്ഷയുടെ **Preview**, PDF ആയി കാണാവുന്നതാണ്. **Preview** -ൽ ആപ്ലിക്കേഷൻ നമ്പർ ഉണ്ടായിരിക്കില്ല. പ്രിവ്യൂ കണ്ട് ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തിയശേഷം **Final Submit** ചെയ്യേണ്ടതാണ്. ഫൈനൽ സബ്മിറ്റ് ചെയ്തതിനു ശേഷം തിരുത്തലുകൾ വരുത്താൻ സാധിക്കില്ല. **ഫൈനൽ സബ്മിറ്റ് ചെയ്തതിനു ശേഷം Application Number ഉള്ള അപേക്ഷാഫോം പ്രിന്റ് എടുക്കുമ്പോൾ മാത്രമേ ഓൺലൈൻ അപേക്ഷാസമർപ്പണം വിജയകരമായി പൂർത്തിയാവുകയുള്ളൂ.** Application Number ഇല്ലാത്ത ഫോമുകൾ അപൂർണ്ണമായിരിക്കും. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ **Final Submit** ചെയ്യാത്ത അപേക്ഷകൾ പരിഗണിക്കില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.
4. Draft Eligibility List പ്രസിദ്ധീകരിച്ച ശേഷം അപേക്ഷയുടെ ചില ഭാഗങ്ങൾ (മാർക്ക്, Programme Selection, Programme preference എന്നിവ) ഓൺലൈനായി തിരുത്താൻ രണ്ടുദിവസം സമയം നൽകുന്നതാണ്. തിരുത്തലിനായി സമയം നൽകുന്ന അവസരത്തിൽ അടിസ്ഥാന വിവരങ്ങൾ, റിസർവേഷൻ (Category, സ്പോർട്സ് ക്വോട്ട, കൾച്ചറൽ ക്വോട്ട, etc) എന്നിവ തിരുത്താൻ അനുവദിക്കില്ല.
5. അലോട്ട്മെൻറ്, അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ അപേക്ഷകർക്ക് ലഭിക്കുന്നത് അഡ്മിഷൻ പോർട്ടലിലൂടെയും SMS/ഇമെയിൽ മുഖേനയും ആണ്. എല്ലാ അപേക്ഷകരും എസ്എംഎസ്, ഇമെയിൽ എന്നിവ നിരന്തരം പരിശോധിക്കേണ്ടതും അഡ്മിഷൻ പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടതുമാണ്. സംശയനിവാരണങ്ങൾക്കായി **admission2024@maharajas.ac.in** -ൽ ഇമെയിൽ അയയ്ക്കുക.

**ഓൺലൈൻ അപേക്ഷാ സമർപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്നവ കയ്യിൽ കരുതണം.**

- OTP -ക്കു വേണ്ട ഇമെയിൽ, SMS എന്നിവയുടെ ലഭ്യത.
- ഹയർസെക്കൻഡറി പരീക്ഷയുടെ മാർക്ക് ലിസ്റ്റ്.
- അപ്‌ലോഡ് ചെയ്യുന്നതിനായി പാസ്സ്പോർട്ട് സൈസ് ഫോട്ടോ സ്കാൻ ചെയ്തത്. (JPG, Dimensions: 3.5 cm x 4.5 cm, Maximum File Size: 30 KB)
- അപ്‌ലോഡ് ചെയ്യുന്നതിനായി ഒപ്പ് സ്കാൻ ചെയ്തത്. (JPG, Dimensions: 3.5 cm x 1.5 cm, Maximum File Size: 30 KB)
- സ്പോർട്സ് ക്വോട്ടയിൽ അപേക്ഷിക്കുന്നവർ **ഹയർസെക്കൻഡറി കാലയളവിൽ നേടിയ** സ്പോർട്സ് സർട്ടിഫിക്കറ്റുകൾ PDF ഫയൽ ആയി സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. (Max file size 3 MB)
- കൾച്ചറൽ ക്വോട്ടയിൽ അപേക്ഷിക്കുന്നവർ **ഹയർസെക്കൻഡറി കാലയളവിൽ നേടിയ** ആർട്സ് സർട്ടിഫിക്കറ്റുകൾ PDF ഫയൽ ആയി സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. (Max file size 3 MB)
- Persons with Disabilities സീറ്റിൽ അപേക്ഷിക്കുന്നവർ Certificate of Disability' PDF ഫയൽ ആയി സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ് (Max file size 3 MB).
- NSS/NCC/സ്കൗട്ട്/ഗൈഡ്/റേഞ്ചർ/റോവർ/SPC എന്നീ ബോണസ് മാർക്ക് ക്ലെയിം ഉള്ളവർ **ഹയർസെക്കൻഡറി കാലയളവിൽ നേടിയ** ബന്ധപ്പെട്ട സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ് കോപ്പി സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ് (Max file size 3 MB). (മേൽ പ്രവർത്തനങ്ങൾ ഹയർസെക്കൻഡറി കാലയളവിൽ ഉണ്ടെങ്കിൽ മാത്രം. **സ്കൂൾ കാലയളവിലെ സർട്ടിഫിക്കറ്റ് മാത്രമുള്ളവർ യാതൊരു കാരണവശാലും അവ ക്ലെയിം ചെയ്യരുത്.)** സർട്ടിഫിക്കറ്റുകൾ ഇനിയും ലഭിക്കാത്തവർ ഒരു പേപ്പറിൽ ഇനിപ്പറയുന്നത് എഴുതിയോ ടൈപ്പ് ചെയ്തോ സ്കാൻ ചെയ്ത് തത്കാലം അപ്ലോഡ് ചെയ്യാം: ***'എനിക്ക് ഇതുവരെ ഹയർസെക്കൻഡറി കാലയളവിലെ NSS/NCC/സ്കൗട്ട്/ഗൈഡ്/റേഞ്ചർ/റോവർ/SPC സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. പ്രവേശന സമയത്ത് ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്" -പേരും ഒപ്പും.***
- അപേക്ഷാഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്.

## അപേക്ഷിക്കേണ്ട വിധം

### 1. രജിസ്ട്രേഷൻ

**https://maharajasonline.kerala.gov.in** എന്ന അഡ്മിഷൻ പോർട്ടലിലെ **Home** പേജിൽ **New Candidate Registration** ക്ലിക്ക് ചെയ്യുക.

**UG Programmes** ക്ലിക്ക് ചെയ്യുക.

**ഈ പേജിൽ നല്കുന്ന അടിസ്ഥാന വിവരങ്ങൾ പിന്നീട് തിരുത്താൻ കഴിയില്ലാത്തതിനാൽ വളരെ ശ്രദ്ധയോടെ നൽകുക. ഇംഗ്ലീഷിൽ മാത്രം പൂരിപ്പിക്കുക.**

| | |
|---|---|
| **Name** | SSLC സർട്ടിഫിക്കറ്റിൽ നൽകിയിരിക്കുന്നത് പോലെ തന്നെ നിങ്ങളുടെ പേര് രേഖപ്പെടുത്തുക. |
| **Date of Birth** | dd/mm/yyyy ഫോർമാറ്റിൽ ജനനത്തീയതി നൽകുക. അല്ലെങ്കിൽ കലണ്ടറിൽ നിന്ന് തിരഞ്ഞെടുക്കുക. പ്രായം തൊട്ടു താഴെയുള്ള കോളത്തിൽ കാണിക്കും. |
| **Religion** | മതം തിരഞ്ഞെടുക്കുക. |
| **Reservation Category** | സംവരണ വിഭാഗം തിരഞ്ഞെടുക്കുക. |
| **Email**<br>**Confirm Email** | നിങ്ങളുടെ ഇമെയിൽ നൽകിയശേഷം **Verify Email** ക്ലിക്ക് ചെയ്യുക. സ്ഥിരീകരണ OTP ഇമെയിലിൽ ലഭിക്കും. (OTP ലഭിച്ചില്ലെങ്കിൽ, നിശ്ചിത സമയത്തിനുശേഷം **Resend** ക്ലിക്ക് ചെയ്യുക.) OTP രേഖപ്പെടുത്തി ഇമെയിൽ വെരിഫിക്കേഷൻ പൂർത്തിയാക്കുക. |
| **Phone Number** | നിങ്ങളുടെ മൊബൈൽ ഫോൺ നമ്പർ നൽകുക. |
| **Aadhaar Number** | ആധാർ നല്കുക. ആധാർ എഗ്രിമെന്റിൽ **I Agree** ടിക് ചെയ്യുക. |
| **Password**<br>**Confirm Password** | അഡ്മിഷൻ പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുള്ള പാസ്‌വേഡ് തയ്യാറാക്കി നൽകുക. പാസ്‌വേഡ് രഹസ്യമായി സൂക്ഷിക്കുക. |
| **OTP** | **Generate OTP** ടിക് ചെയ്യുക. മുകളിൽ കൊടുത്ത മൊബൈൽ നമ്പറിൽ ലഭിക്കുന്ന OTP നല്കി മൊബൈൽ വെരിഫിക്കേഷൻ പൂർത്തിയാക്കുക. (OTP ലഭിച്ചില്ലെങ്കിൽ, നിശ്ചിത സമയത്തിനുശേഷം **Resend** ക്ലിക്ക് ചെയ്യുക.) |

**Confirm** ക്ലിക്ക് ചെയ്യുക.

**Registration** സംബന്ധിച്ച സന്ദേശം സ്ക്രീനിൽ കാണിക്കും. കൂടാതെ SMS, Email എന്നിവയും ലഭിക്കും. **Application ID** സൂക്ഷിച്ചുവയ്ക്കുക.

### 2. അപേക്ഷാ ഫോം

**പേജ് 1: അപേക്ഷാ ഫീസ്**

**https://maharajasonline.kerala.gov.in** എന്ന അഡ്മിഷൻ പോർട്ടലിലെ **Home** പേജിൽ, നിങ്ങൾ രജിസ്റ്റർ ചെയ്ത ഇമെയിലും പാസ്‌വേഡും നൽകി **Candidate Login** ചെയ്യുക. അപേക്ഷാ ഫീസ് ഓൺലൈനായി അടയ്ക്കുന്നതു സംബന്ധിച്ച സ്ക്രീനിലെ നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കുകയും പാലിക്കുകയും ചെയ്യുക.

അപേക്ഷാ ഫീസ് ഒടുക്കുന്നതിന് **Proceed** ക്ലിക്ക് ചെയ്യുക. **Proceed to Pay** ക്ലിക്ക് ചെയ്യുക. തുടർന്ന് നിങ്ങളുടെ പേയ്മെന്റ് രീതി തിരഞ്ഞെടുത്ത് ഓൺലൈനായി ഫീസ് അടയ്ക്കുക.

ഫീസ് വിജയകരമായി അടച്ചാൽ അതു സംബന്ധിച്ച സന്ദേശം സ്ക്രീനിൽ കാണിക്കും.

**Apply Online** ക്ലിക്ക് ചെയ്യുക.

(ലോഗൗട്ട് ആയെങ്കിൽ **https://maharajasonline.kerala.gov.in** എന്ന അഡ്മിഷൻ പോർട്ടലിലെ **Home** പേജിൽ, നിങ്ങൾ രജിസ്റ്റർ ചെയ്ത ഇമെയിലും പാസ്‌വേഡും നൽകി **Candidate Login** ചെയ്യുക.)

**പേജ് 2: വ്യക്തിഗത വിശദാംശങ്ങളും ക്ലെയിമുകളും**

| | |
|---|---|
| **Name of Father** | അച്ഛന്റെ/രക്ഷിതാവിന്റെ പേര് നൽകുക. |
| **Name of Mother** | അമ്മയുടെ പേര് നൽകുക. |
| **Gender** | **ട്രാൻസ്ജെൻഡർ വിഭാഗത്തിനുള്ള സംവരണം ആവശ്യമുള്ളവർ Transgender തിരഞ്ഞെടുക്കണം.** |
| **Nationality** | Nationality തിരഞ്ഞെടുക്കുക. |
| **State of Domicile** | State of Domicile തിരഞ്ഞെടുക്കുക. |
| **Whether belong to Economically Weaker Sections (EWS)?** ('ജനറൽ' വിഭാഗങ്ങളിൽ ഉള്ളവർക്ക മാത്രം) | ശരിയായതു തിരഞ്ഞെടുക്കുക. |
| **Whether Belongs to Creamy Layer** (SEBC വിഭാഗങ്ങളിൽ പെട്ടവർക്കുമാത്രം) | നോൺ-ക്രീമിലെയറിലുള്ളവർക്ക് മാത്രമേ SEBC (Ezhava, OBC-Hindu, Muslim, Latin, OBC-Christian) സംവരണത്തിന് അർഹതയുള്ളൂ.<br>'No' തിരഞ്ഞെടുക്കുന്നവർ അഡ്മിഷൻ സമയത്ത് Non-creamy Layer Certificate ഹാജരാക്കേണ്ടതാണ്. |
| **Whether Belongs To OEC(SC/ST)** (OEC വിഭാഗത്തിൽപ്പെട്ടവർ പെട്ടവർക്കുമാത്രം) | OEC വിഭാഗത്തിൽപ്പെട്ടവർ OEC (SC) ആണോ OEC (ST) ആണോ എന്നും വിഭാഗവും തിരഞ്ഞെടുക്കുക. ഒഇസി വിഭാഗത്തിന്റെ ലിസ്റ്റ് പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്. |
| **Annual Family Income** | വരുമാന സർട്ടിഫിക്കറ്റിൽ നൽകിയിരിക്കുന്ന വാർഷിക വരുമാനം രേഖപ്പെടുത്തുക. |
| **Communication Address** | വിലാസം കൃത്യമായി നൽകുക, സംസ്ഥാനം, ജില്ല എന്നിവ തിരഞ്ഞെടുക്കുക, പിൻകോഡ് നൽകുക. |
| **Permanent Address** | മുകളിൽ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ കമ്മ്യൂണിക്കേഷൻ സ്ഥിരവിലാസം നൽകുക. വ്യത്യസ്തമല്ലെങ്കിൽ, ബോക്സ് ടിക്ക് ചെയ്യുക. |
| **Parent Mobile Number** | അച്ഛന്റെ/രക്ഷിതാവിന്റെ മൊബൈൽ ഫോൺ നമ്പർ നൽകുക. |

**ബോണസ് മാർക്കിനുള്ള ക്ലെയിം/ സംവരണ ക്ലെയിം**

| | |
|---|---|
| **Eligible for Bonus Mark for NCC?** | ഉണ്ടെങ്കിൽ, NCC Grade തിരഞ്ഞെടുക്കുക. ഹയർ സെക്കൻഡറി തലത്തിലെ സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ്കോപ്പി PDF ആയി അപ്‌ലോഡ് ചെയ്യുക.* |
| **Eligible for Bonus Mark for NSS?** | ഉണ്ടെങ്കിൽ, ഹയർ സെക്കൻഡറി തലത്തിലെ സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ്കോപ്പി PDF ആയി അപ്‌ലോഡ് ചെയ്യുക.* |
| **Eligible for Bonus Mark for Ex-service Persons?** | ഉണ്ടെങ്കിൽ, ബന്ധം തിരഞ്ഞെടുക്കുക. സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ്കോപ്പി PDF ആയി അപ്‌ലോഡ് ചെയ്യുക. |
| **Eligible for Bonus Mark for Scouts/Guides/Rover/Ranger?** | ഉണ്ടെങ്കിൽ, ഹയർ സെക്കൻഡറി തലത്തിലെ സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ്കോപ്പി PDF ആയി അപ്‌ലോഡ് ചെയ്യുക.* |

**Eligible for Bonus Mark for Student Police Cadets?**

ഉണ്ടെങ്കിൽ, ഹയർ സെക്കൻഡറി തലത്തിലെ സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ്കോപ്പി PDF ആയി അപ്‌ലോഡ് ചെയ്യുക.*

**Do you Claim reservation to the seats for Persons with Disabilities?**

ഉണ്ടെങ്കിൽ, Certificate of Disability ഒരൊറ്റ PDF ഫയലായി അപ്‌ലോഡ് ചെയ്യുക. (നിർബന്ധം)

**Do you claim reservation under Sports Quota?**

ഉണ്ടെങ്കിൽ, ഹയർ സെക്കൻഡറി തലത്തിലെ സർട്ടിഫിക്കറ്റുകൾ ഓരോന്നിന്റെയും വിശദവിവരങ്ങൾ തിരഞ്ഞെടുത്തശേഷം PDF ഫയൽ അപ്‌ലോഡ് ചെയ്യുക. (നിർബന്ധം)

**Do you Claim reservation under Cultural Quota?**

ഉണ്ടെങ്കിൽ, ഹയർ സെക്കൻഡറി തലത്തിലെ സർട്ടിഫിക്കറ്റുകൾ ഓരോന്നിന്റെയും വിശദവിവരങ്ങൾ തിരഞ്ഞെടുത്തശേഷം PDF ഫയൽ അപ്‌ലോഡ് ചെയ്യുക. (നിർബന്ധം)

**Do you claim reservation to the seat for Persons from Govt. Children's Homes and Institutions under Juvenile Justice Act?**

ഉചിതമായ ഉത്തരം തിരഞ്ഞെടുക്കുക.

* സർട്ടിഫിക്കറ്റുകൾ ഇനിയും ലഭിക്കാത്തവർ താഴെപ്പറയുന്നത് ഒരു പേപ്പറിൽ എഴുതിയതോ ടൈപ്പ് ചെയ്തോ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യാം: *'എനിക്ക് ഹയർസെക്കൻഡറി കാലയളവിലെ NSS/NCC/സ്കൗട്ട്/ഗൈഡ്/റേഞ്ചർ/റോവർ/SPC സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. പ്രവേശന സമയത്ത് ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്' -പേരും ഒപ്പും.*

**Save** ക്ലിക്ക് ചെയ്യുക. അതിനുശേഷം **Next** ക്ലിക്ക് ചെയ്യുക.

**പേജ് 3: ഫോട്ടോയും ഒപ്പും**

**Choose File** ക്ലിക്ക് ചെയ്ത് സമീപകാലത്ത് എടുത്ത നിങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഒപ്പും സെലക്ട് ചെയ്യുക. യഥാക്രമം **Upload Photo, Upload Signature** എന്നിവ ക്ലിക്ക് ചെയ്യുക.

**Next** ക്ലിക്ക് ചെയ്യുക.

**പേജ് 4: ഹയർ സെക്കന്ററി പരീക്ഷയും വിഷയങ്ങളും**

**Qualifying Examination:**

പരീക്ഷാബോർഡിന്റെ പേര് നൽകുക. നല്കിയിട്ടില്ലെങ്കിൽ **Other** തിരഞ്ഞെടുക്കുക.

(THSE -ൽ നിന്നുള്ള അപേക്ഷകർ VHSE തിരഞ്ഞെടുക്കുക.)

**Register Number:**

ഹയർ സെക്കന്ററി പരീക്ഷയുടെ രജിസ്റ്റർ നമ്പർ നൽകുക.

**Year of Passing**

ഹയർ സെക്കന്ററി പാസ്സായ വർഷം നൽകുക.

**Maximum Mark**

മുകളിൽ നൽകിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, ഹയർ സെക്കന്ററിയുടെ പരമാവധി മാർക്ക് സ്ക്രീനിൽ വരും.

**Total Mark Secured:**

ഹയർ സെക്കന്ററിയിൽ നേടിയ ആകെ മാർക്ക് നൽകുക.

VHSE/THSE അപേക്ഷകർ ഇംഗ്ലീഷിന്റെയും മറ്റ് മൂന്ന് പ്രധാന വിഷയങ്ങളുടെയും ആകെ മാർക്കാണ് നല്കേണ്ടത്. വൊക്കേഷണൽ/ടെക്നിക്കൽ വിഷയങ്ങളുടെ മാർക്ക് ഒഴിവാക്കണം.

**Number of attempts**

ഹയർ സെക്കന്ററിപരീക്ഷ പാസാകാൻ നടത്തിയ ശ്രമങ്ങളുടെ എണ്ണം നൽകുക.

**Number of subjects:**

മുകളിൽ നൽകിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, വിഷയങ്ങളുടെ എണ്ണം സ്ക്രീനിൽ വരും..

**Stream:**

ഹ്യൂമാനിറ്റീസ്/സയൻസ്/കൊമേഴ്സ് എന്നിവയിൽനിന്ന് ബാധകമായത് തിരഞ്ഞെടുക്കുക.

### വിഷയം തിരഞ്ഞെടുക്കൽ

ഹയർ സെക്കന്ററി പരീക്ഷയിലെ വിഷയങ്ങൾ ഓരോന്നായി ഇടതുവശത്തെ **List of Subjects** -ൽനിന്ന് മാർക്ക് ലിസ്റ്റിലെ ക്രമത്തിൽതന്നെ സെലക്റ്റ് ചെയ്യുക. **Add** ക്ലിക്ക് ചെയ്യുക. ആ വിഷയങ്ങൾ വലതുവശത്തെ **Selected Subjects** -ൽ വരും.

**ഇംഗ്ലീഷ് സെലക്റ്റ് ചെയ്യേണ്ട വിധം**

**CBSE ഒഴികെയുള്ള പരീക്ഷാബോർഡുകൾക്ക്:** ഇംഗ്ലീഷിന്റെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് **English** സെലക്റ്റ് ചെയ്യണം. ഇംഗ്ലീഷിന്റെ രണ്ട് പേപ്പർ പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് **English, English Part III** എന്നിവ സെലക്റ്റ് ചെയ്യണം. ഇംഗ്ലീഷിന്റെ ആകെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ **English Part III** സെലക്റ്റ് ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.

**CBSE പരീക്ഷാബോർഡ്:** ഇംഗ്ലീഷിന്റെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് **English Core** സെലക്റ്റ് ചെയ്യണം. ഇംഗ്ലീഷിന്റെ രണ്ട് പേപ്പർ പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് **English Core, English Part III** എന്നിവ സെലക്റ്റ് ചെയ്യണം. ഇംഗ്ലീഷിന്റെ ആകെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ **English Part III** സെലക്റ്റ് ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.

**മറ്റ് ഭാഷാവിഷയങ്ങൾ സെലക്റ്റ് ചെയ്യേണ്ട വിധം**

**CBSE ഒഴികെയുള്ള പരീക്ഷാബോർഡുകൾക്ക്:** ഒരു ഭാഷാവിഷയത്തിന്റെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് ആ ഭാഷ സെലക്റ്റ് ചെയ്യണം. ഒരേ ഭാഷാവിഷയത്തിന്റെ രണ്ട് പേപ്പർ പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് ആ വിഷയവും അതിന്റെ Part III -യും സെലക്റ്റ് ചെയ്യണം. (ഉദാഹരണത്തിന് ഹിന്ദിയുടെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ **Hindi** സെലക്റ്റ് ചെയ്യുക. ഹിന്ദിയുടെ രണ്ടു പേപ്പർ പഠിച്ചിട്ടുണ്ടെങ്കിൽ **Hindi, Hindi Part III** എന്നിവ സെലക്റ്റ് ചെയ്യുക. ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ **Hindi Part III** സെലക്റ്റ് ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.)

നിങ്ങൾ പഠിച്ച ഭാഷാവിഷയം ലിസ്റ്റിൽ ഇല്ലെങ്കിൽ **Other Language** സെലക്റ്റ് ചെയ്യുക.

**CBSE പരീക്ഷാബോർഡ്:** ഒരു ഭാഷാവിഷയത്തിന്റെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് ആ ഭാഷയുടെ Core സെലക്റ്റ് ചെയ്യണം. ഒരേ ഭാഷാവിഷയത്തിന്റെ രണ്ട് പേപ്പർ പഠിച്ചിട്ടുള്ളവർ ലിസ്റ്റിൽനിന്ന് ആ വിഷയത്തിന്റെ Core, അതിന്റെ Part III എന്നിവ സെലക്റ്റ് ചെയ്യണം. (ഉദാഹരണത്തിന് ഹിന്ദിയുടെ ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ **Hindi Core** സെലക്റ്റ് ചെയ്യുക ഹിന്ദിയുടെ രണ്ടു പേപ്പർ പഠിച്ചിട്ടുണ്ടെങ്കിൽ **Hindi Core, Hindi Part III** എന്നിവ സെലക്റ്റ് ചെയ്യുക. ഒരു പേപ്പർ മാത്രം പഠിച്ചിട്ടുള്ളവർ **Hindi Part III** സെലക്റ്റ് ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.)

നിങ്ങൾ പഠിച്ച ഭാഷാവിഷയം ലിസ്റ്റിൽ ഇല്ലെങ്കിൽ **Other Language** സെലക്റ്റ് ചെയ്യുക.

**മറ്റ് വിഷയങ്ങൾ സെലക്റ്റ് ചെയ്യേണ്ട വിധം**

ഭാഷകൾ ഒഴികെ ബാക്കിയുള്ള വിഷയങ്ങൾ മാർക്ക് ലിസ്റ്റിലെ ക്രമത്തിൽതന്നെ തിരഞ്ഞെടുക്കുക. നിങ്ങൾ പഠിച്ച വിഷയം ലിസ്റ്റിൽ ഇല്ലെങ്കിൽ, **Other Subject1, 2, ...** തിരഞ്ഞെടുത്ത് മാർക്ക് നൽകുക.

**വി.എച്ച്.എസ്.ഇ / റ്റി.എച്ച്.എസ്.ഇ. പരീക്ഷാബോർഡ്:** VHSE/THSE അപേക്ഷകർക്ക് ഇംഗ്ലീഷിന്റെയും മറ്റ് മൂന്ന വിഷയങ്ങളുടെയും മാർക്കിനെ അടിസ്ഥാനമാക്കിയാണ് ഇൻഡക്സ് മാർക്ക് കണക്കാക്കുന്നത്. വൊക്കേഷണൽ / ടെക്നിക്കൽ വിഷയങ്ങളുടെ മാർക്ക് പരിഗണിക്കില്ല. അതിനാൽ ഇംഗ്ലീഷും മറ്റ് 3 വിഷയങ്ങൾ മാത്രം സെലക്റ്റ് ചെയ്യുക. വൊക്കേഷണൽ / ടെക്നിക്കൽ വിഷയങ്ങൾ സെലക്റ്റ് ചെയ്യരുത്.

എല്ലാ വിഷയങ്ങളും സെലക്റ്റ് ചെയ്ത ശേഷം **Confirm** ക്ലിക്ക് ചെയ്യുക. **Save** ക്ലിക്ക് ചെയ്യുക.

### മാർക്ക് രേഖപ്പെടുത്തൽ

മുൻപേജിൽ സെലക്റ്റ് ചെയ്ത വിഷയങ്ങൾ മാർക്ക് രേഖപ്പെടുത്തുന്നതിനുള്ള പേജിൽ ലഭ്യമാണ്. ഓരോ വിഷയത്തിനും നേരെ **Obtained Marks** മാർക്ക് ലിസ്റ്റിലെപ്പോലെ കൃത്യമായി രേഖപ്പെടുത്തുക. മുൻപേജിൽ രേഖപ്പെടുത്തിയ മൊത്തം മാർക്കും ഈ പേജിൽ രേഖപ്പെടുത്തിയ ഓരോ വിഷയത്തിന്റെയും ആകെ മാർക്കും തുല്യമാണെങ്കിൽ **Submit** ക്ലിക്ക് ചെയ്യുക. (ആവശ്യമെങ്കിൽ മുൻപേജിൽ പോയി വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്.)

### പേജ് 5: പ്രോഗ്രാം തെരഞ്ഞെടുക്കൽ

അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന എല്ലാ പ്രോഗ്രാമുകളും (പരമാവധി 5) തെരഞ്ഞെടുക്കണം. ഓരോ പ്രോഗ്രാമും തിരഞ്ഞെടുക്കുമ്പോൾ അതിന്റെ ഇൻഡക്സ് മാർക്ക് വലതുവശത്ത് കാണിക്കും. കൂടാതെ **Calculation** 👁 -ൽ ഇൻഡക്സ് മാർക്ക് കാൽക്കുലേഷൻ ഷീറ്റും കാണാം. (ബി.എ. മ്യൂസിക്കിന്റെ Eligibility, ശരിയായ ഇൻഡക്സ് മാർക്ക് എന്നിവ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തിയതിന് ശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ).

പഠിക്കാൻ ആഗ്രഹിക്കുന്ന എല്ലാ പ്രോഗ്രാമുകളും സെലക്റ്റ് ചെയ്ത് കഴിഞ്ഞാൽ **Next** ക്ലിക്ക് ചെയ്യുക.

**പ്രോഗ്രാം മുൻഗണനയുടെ ക്രമം തെരഞ്ഞെടുക്കൽ**

മുൻപേജിൽ സെലക്ട് ചെയ്ത പ്രോഗ്രാമുകൾ പ്രോഗ്രാം പ്രിഫറൻസ് പേജിന്റെ ഇടതുവശത്ത് ലിസ്റ്റ് ചെയ്തിരിക്കും. സെലക്ട് ചെയ്ത പ്രോഗ്രാമുകൾ മാറ്റണമെന്നുണ്ടെങ്കിൽ **Home** അല്ലെങ്കിൽ **Logout** ക്ലിക്ക് ചെയ്യുക. വീണ്ടും ലോഗിൻ ചെയ്തതിനുശേഷം ഹോം പേജിൽ ഇടതുവശത്തെ മെനുവിൽ **Course Selection** ക്ലിക്ക് ചെയ്യുക. അതിനുശേഷം **Clear Selection** ക്ലിക്ക് ചെയ്താൽ വീണ്ടും **Home** പേജിൽ പ്രോഗ്രാമുകൾ സെലക്ട് ചെയ്യാവുന്നതാണ്.

ആവശ്യമായ പ്രോഗ്രാമുകൾ തന്നെയാണ് സെലക്ട് ചെയ്തിരിക്കുന്നത് എന്ന് ഉറപ്പാക്കിയശേഷം മുൻഗണനാക്രമം സെറ്റ് ചെയ്യണം. **ഏറ്റവും ആദ്യം പഠിക്കാൻ ഏറ്റവും ആഗ്രഹിക്കുന്ന പ്രോഗ്രാം ഇടതുവശത്തെ ലിസ്റ്റിൽ സെലക്ട് ചെയ്യുക. Add ക്ലിക്ക് ചെയ്യുക. ആ പ്രോഗ്രാം വലതുവശത്തെ Order of Preference ലിസ്റ്റിലേക്ക് മാറ്റപ്പെടും. അതിനുശേഷം ആഗ്രഹിക്കുന്ന അടുത്ത പ്രോഗ്രാം ഇടതുവശത്തുനിന്ന് സെലക്ട് ചെയ്തതിനു ശേഷം Add ക്ലിക്ക് ചെയ്യുക. അപ്രകാരം എല്ലാ പ്രോഗ്രാമുകളും ക്രമമായി വലതുവശത്തെ ലിസ്റ്റിലേക്ക് മാറ്റുക. അവസാനം Order of Preference ലിസ്റ്റ് പഠിക്കാൻ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന പ്രോഗ്രാമുകൾ ആദ്യാദ്യം വരുന്ന ക്രമത്തിൽ ആണെന്ന് വീണ്ടും ഉറപ്പാക്കുക. മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ Remove, Add എന്നിവ ഉപയോഗിച്ച് ലിസ്റ്റിലെ ക്രമം മാറ്റിയെടുക്കുക.**

## വളരെ പ്രധാനപ്പെട്ടത്! MOST IMPORTANT!

**പഠിക്കാൻ ഏറ്റവും ആഗ്രഹിക്കുന്ന പ്രോഗ്രാമുകൾ ആദ്യാദ്യം വരുന്ന വിധത്തിൽത്തന്നെ പ്രോഗ്രാമുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുക. അപേക്ഷകർ പ്രോഗ്രാമുകൾ തിരഞ്ഞെടുക്കുന്ന ക്രമം അടിസ്ഥാനമാക്കിയാണ് അലോട്ട്മെന്റ്.**

പ്രോഗ്രാമുകൾ മുൻഗണന അനുസ്സരിച്ച് കൃത്യമായി ക്രമീകരിച്ചു എന്ന് ഉറപ്പായാൽ മാത്രം **Confirm Selection** ക്ലിക്ക് ചെയ്യുക.

**പ്രിവ്യൂ & ഫൈനൽ സബ്മിറ്റ്**

നിങ്ങൾ രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയെന്ന് ഒരിക്കൽ കൂടി ഉറപ്പുവരുത്താനായി **Preview** ക്ലിക്ക് ചെയ്യുക. **Preview** -ൽ ആപ്ലിക്കേഷൻ നമ്പർ ഉണ്ടായിരിക്കില്ല. എല്ലാ വിവരങ്ങളും വളരെ ശ്രദ്ധാപൂർവ്വം പരിശോധിക്കുക. തിരുത്തൽ ആവശ്യമാണെങ്കിൽ, **Home** അല്ലെങ്കിൽ **Logout** ക്ലിക്ക് ചെയ്യുക. വീണ്ടും ലോഗിൻ ചെയ്തതിനുശേഷം ഹോം പേജിൽ ഇടതുവശത്തെ മെനുവിൽനിന്ന് ഉചിതമായത് സെലക്ട് ചെയ്ത് തിരുത്തലുകൾ വരുത്താവുന്നതാണ്.

എല്ലാ ശരിയാണെന്ന് പരിശോധിച്ചുറപ്പിച്ചാൽ, എഗ്രിമെന്റിൽ I Agree ടിക് ചെയ്യുക. അതിനുശേഷം **Final Submit** ക്ലിക്ക് ചെയ്ത് അപേക്ഷ അന്തിമമായി സമർപ്പിക്കാം. അപേക്ഷ അന്തിമമായി സമർപ്പിച്ചുകഴിഞ്ഞാൽ തിരുത്തലുകൾ അനുവദിക്കില്ല.

**അപേക്ഷാ ഫോം**

**Final Submit** ചെയ്തതിനുശേഷം ഹോം പേജിൽ **Print** ക്ലിക്ക് ചെയ്താൽ Application Number ഉള്ള അപേക്ഷാ ഫോം ലഭ്യമാകുന്നതാണ്. ഈ അപേക്ഷാ ഫോമിന്റെ പ്രിന്റൗട്ട് മറ്റ് രേഖകൾക്കൊപ്പം അഡ്മിഷൻ സമയത്ത് കോളജിൽ സമർപ്പിക്കണം.

**ഫൈനൽ സബ്മിറ്റ് ചെയ്തതിനു ശേഷം Application Number ഉള്ള അപേക്ഷാഫോം പ്രിന്റ് എടുക്കുമ്പോൾ മാത്രമേ ഓൺലൈൻ അപേക്ഷാസമർപ്പണം വിജയകരമായി പൂർത്തിയാവുകയുള്ളൂ.** Application Number ഇല്ലാത്ത ഫോമുകൾ അപൂർണ്ണമായിരിക്കും. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ **Final Submit** ചെയ്യാത്ത അപേക്ഷകൾ പരിഗണിക്കില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

**Logout** ക്ലിക്ക് ചെയ്യുക.

**അപേക്ഷാ ഫോറം കോളേജിലേക്ക് അയക്കാൻ പാടില്ല.**

**For any clarifications, write to: admission2024@maharajas.ac.in**